ജനുവരി – ഏപ്രിൽ 2008

11 12

ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

# ഗുരുസ്മരണ

## വി.സി. കൃഷ്ണൻ ഭട്ടതിരിപ്പാട്

S.S.L.C. പരീക്ഷ കഴിഞ്ഞ് ഒരൊഴിവുകാലം ആഘോഷിക്കുകയായിരുന്നു ഞാൻ. അച്ഛന് ശാരീരികസുഖം പോര. പുറത്തളത്തിൽ ക്ഷീണിച്ചു കിടക്കുന്ന അച്ഛനെ സംരക്ഷിക്കാൻ ശ്രീമാൻ കുട്ടികൃഷ്ണമേനോൻ വന്നു. അച്ഛൻ ബഹുമാനിക്കുന്ന ഒരു സുഹൃത്ത് എന്ന നിലയിൽ അദ്ദേഹത്തെ ഞാൻ അകന്നു നിന്ന് നോക്കികാണാറുണ്ട്. ചികിത്സ നിശ്ചയിക്കലൊക്കെ കഴിഞ്ഞ് രണ്ടുപേരും സൊള്ളാൻ തുടങ്ങി. എന്റെ വിദ്യാഭ്യാസത്തിനെക്കുറിച്ചും അവർ പരാമർശിച്ചു. അന്ന് എനിക്കെന്തു പഠിക്കണം എന്നൊരു രൂപവുമില്ല. കാരണവന്മാരുടെ സംസാരത്തിൽ നിന്ന് എനിയ്ക്ക് ആകർഷകമായിത്തോന്നിയത് വൈദ്യം പഠിക്കാനാണ്.

കോളേജ് വിദ്യാഭ്യാസം പറ്റില്ല. അച്ഛന് വയ്യാണ്ടായി. ശ്രീ കുട്ടികൃഷ്ണമേനോൻ താമസിക്കുന്നത് എന്റെ വീടിന്റെ ഒരു മൈൽ അകലെയാണ്. അന്നുച്ചയ്ക്ക് ഞാൻ അദ്ദേഹത്തിന്റെ താമസസ്ഥലത്തു ചെന്നു. അച്ഛന്റെ വിവരം പറയാൻ വന്നതായിരിക്കുമെന്നാണ് അദ്ദേഹം കരുതിയത്. എന്നാൽ ഞാൻ പറഞ്ഞു. എന്നെ വൈദ്യം പഠിപ്പിക്കാമോ? അടുത്തു വിളിച്ചിരുത്തി എന്നെ അദ്ദേഹം വിസ്തരിച്ചൊന്നു പരിശോധിച്ചു. കുഴപ്പമില്ല. സംസ്കൃതം ശൂന്യം. ഇംഗ്ലീഷ് അതിലും ശൂന്യം. അഷ്ടാംഗഹൃദയം പഠിക്കാനുള്ള റേഞ്ചില്ല. ഒരു കാര്യം ചെയ്യാം വിഷവൈദ്യം പഠിപ്പിക്കാം. അതു മലയാളത്തിലാണ്.

എനിക്കു സമ്മതം. അദ്ദേഹം തന്റെ ലൈബ്രറിയിൽ നിന്ന് ജ്യോത്സ്നിക എന്ന പുസ്തകം എടുത്തു തന്നു. വായിക്കാൻ പറഞ്ഞു. ജ്യോത്സ്നിക കുറച്ചുചെന്നപ്പോൾ അദ്ദേഹം ഒരു കാര്യം പറഞ്ഞു. സിദ്ധൗഷധങ്ങളെക്കൊണ്ടും സിദ്ധിക്കും ക്ഷേളശാന്തിയെ എന്നാണ് പ്രമാണം. അതായത് വിഷമിറക്കാൻ ഔഷധം കൊണ്ടു സാധിക്കും. പക്ഷെ പ്രധാനം മന്ത്രാണ്. പൂർവ്വികർ മന്ത്രശാസ്ത്ര മാണ് അന്ന് പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നത്. അതു കൊണ്ട് മന്ത്രോപദേശം തേടണം. ചില കഴുത്തുകളും, ശക്തികളു മൊക്കെ ഞാനുപദേശിച്ചു തരാം. എന്നാൽ എല്ലാ മന്ത്രങ്ങൾക്കും ആധാരമായിട്ടുപയോഗിക്കുന്ന ഗുരുപഞ്ചാക്ഷരി ഗരുഢപഞ്ചാക്ഷരി മുതലായ മന്ത്രങ്ങൾ ഒരു തപസ്വിയുടെ മുഖത്തുനിന്ന് സ്വീകരിക്കണം. അങ്ങിനെ ഒരു തപസ്വിയുണ്ട്. ചെർളപ്പുറം കൃഷ്ണൻ നമ്പൂതിരി. അദ്ദേഹം പൂമുള്ളി മനയ്ക്കലാണ് താമസിക്കുന്നത്. ഒരെഴുത്തുതരാം. അതും കൊണ്ടുചെന്ന് അദ്ദേഹത്തെ ആശ്രയിക്കൂ. അതും കൊണ്ട് ഞാൻ പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാടിനെയാണ് കണ്ടത്. ഒരി ക്കലും തലക്കനം കാണിക്കാത്ത അദ്ദേഹം എന്നെക്കണ്ട് അടുത്തു വന്ന് വിവരങ്ങൾ തിരക്കി. ഞാൻ ആ കത്ത് കൊടുത്തു. സമയം വൈകുന്നേരം, ചെർളപ്പുറം കുളത്തിലാണ്. സന്ധ്യാവന്ദനത്തിന് പോയിരിക്കുന്നു. രാത്രി ഭക്ഷണം കഴിഞ്ഞു വിശ്രമിക്കുമ്പോൾ നമുക്കും സംസാരിക്കാം. ഒരു എട്ടു മണിയോടുകൂടി സാധാരണക്കാ രനായ ഒരു വൃദ്ധൻ ഗെയ്റ്റ് കടന്നു വന്നു. അദ്ദേഹം ചോദിച്ചു. കൃഷ്ണൻ എന്നാണ് പേര്, അല്ലേ? നാളെ രാവിലെ ഉപദേശം തരാം. രാവിലെ എട്ടുമണിക്ക് അമ്പലക്കുളക്കരെ വന്നോളൂ. ശ്രീ കുട്ടികൃ ഷ്ണമേനോൻ തന്ന നിർദ്ദേശങ്ങൾ ഓർത്തു. അത് ഒരു വലിയ മനു ഷ്യൻ തന്നെ. എത്രപേർക്ക് ആശ്വാസം നൽകിയിരിക്കുന്നു. ദിവസവും ആരെങ്കിലുമൊക്കം വിഷം തീണ്ടിവരും. അദ്ദേഹത്തിന് വിഷമിറക്കൽ ഒരു രസമായിരുന്നു. കാലത്ത് പ്രാഥമിക കർമ്മങ്ങളും കുളിയും കഴിഞ്ഞ് അമ്പലക്കടവിലെത്തി. അദ്ദേഹം ചലിക്കാതെ നിശബ്ദനായി

ശാന്തനായി ചമ്രം പടിഞ്ഞ് ഒരു ആവണപ്പലകയിലിരുന്ന് ധ്യാനിക്കുകയാണ്. കുറച്ച് കഴിഞ്ഞ് കണ്ണ് തുറന്നു. തൊട്ടടുത്ത് ഒരു പുൽപ്പായയിൽ അദ്ദേഹം എന്നോടിരിക്കാൻ ആംഗ്യം കാണിച്ചു. അദ്ദേഹം പറഞ്ഞു. ശ്രദ്ധിച്ചുകേട്ടോളൂ, ചില കാര്യങ്ങൾ മന്ത്രോപദേശം തേടുന്നവർ നിശ്ചയമായും അനുഷ്ഠിക്കണം. പരിശുദ്ധമായ ഭക്ഷണം, വ്യായാമം, വിഹാരം മുതലായവയിൽ ശ്രദ്ധിക്കുക. സാധാരണക്കാർക്ക് സാധിക്കാത്തതാണെങ്കിലും ബ്രഹ്മചര്യം അത്യാവശ്യമാണ്.

“ശാന്തി ദാന്തത്വവും തദ്വത് പടുത്വം ബ്രഹ്മചര്യവും
മിതഭുക്ദാസിനത്വം ച മഹോത്സാഹുമതും തഥാ.
ശുദ്ധഭാവവുമത്യർത്ഥം ബുദ്ധിയും ദേവഭക്തിയും
അപഥ്യയുക്തിർ ദാക്ഷിണ്യം അൽപനിദ്രാവച ക്ഷമാ
മറ്റും പലഗുണത്തോടെ വരണം ശിഷ്യനാമവൻ”

എന്നു മനസ്സിലാക്കുക. ഇത്രയും പറഞ്ഞ് അദ്ദേഹം തന്റെ വലതുകൈ എന്റെ നെറുകയിൽ അമർത്തി വെച്ച് കുറച്ച് നേരം ഇരുന്നു. എനിക്കൊരു അത്ഭുതകരമായ അനുഭൂതിയായിരുന്നു. ഉച്ചയ്ക്ക് ഭക്ഷണശേഷം ഞാൻ മടങ്ങിപ്പോന്നു. സന്ദേഹങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ ചോദിക്കാൻ മറക്കേണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പിന്നത്തെ മാസം അദ്ദേഹം മരിച്ചുപോയെന്ന ഖേദകരമായ വാർത്തയാണ് പത്രങ്ങളിൽ കണ്ടത്. പിന്നീട് 1984ൽ കുട്ടികൃഷ്ണമേനോനും കുടുംബവും ഞാനും കൂടി ഒരു ദിവസം ഗുരുവായൂർ അമ്പലത്തിൽ തൊഴാൻ പോയി. ഞങ്ങൾ കയറിയ ഹോട്ടലിൽ ഒരു വൃദ്ധനും സഹായിയും തൊട്ടടുത്ത കസേരയിലിരിക്കുന്നുണ്ടായിരുന്നു. വൃദ്ധന്റെ കണ്ണുകൾക്ക് എന്തൊരു തേജസ്സ്. ഒരു കുറിയ മനുഷ്യൻ അവർ സംസാരിക്കുന്നത് വൈദ്യസംബന്ധമായ എന്തോ വിഷയമാണ്. കുട്ടികൃഷ്ണമേനോൻ എന്നോട് അദ്ദേഹത്തിന്റെ അരികിൽ ചെന്ന് വിവരങ്ങൾ ചോദിച്ചറിയാൻ ആജ്ഞാപിച്ചു. അദ്ദേഹം കോഴിക്കോട് ചേമഞ്ചേരി ഗ്രാമത്തിലെ കുഞ്ഞുമഠം ഇല്ലത്തെ വിഷ്ണുധർമ്മ

എന്ന വിഷവൈദ്യനാണ്. ഇതറിഞ്ഞ ഉടനെ കുട്ടികൃഷ്ണമേനോൻ എഴുന്നേറ്റ് ചെന്ന് അദ്ദേഹത്തിന്റെ കാൽ തൊട്ടുവന്ദിച്ചു. മന്ത്രം കൊണ്ട് വിഷമിറക്കുക അദ്ദേഹം നിഷ്പ്രയാസം ചെയ്തിരുന്നു. ഞങ്ങൾ കാണുമ്പോൾ കുഞ്ഞുമഠത്തിന് 89 വയസ്സ് ആയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഡ്രസ്സ് വാങ്ങി. കുട്ടികൃഷ്ണമേനോനും കുഞ്ഞുമഠവും തുടർന്ന് ധാരാളം എഴുത്തുകുത്തുകൾ നടത്തിയിരുന്നു. അവസാനകാലത്ത് ഒരെട്ടുമാസത്തോളം അദ്ദേഹം എന്റെ ഇല്ലത്താണ് താമസിച്ചിരുന്നത്. ഈ കൊച്ചിന്റെ തലയിൽ എന്തെങ്കിലും കയറ്റണമെങ്കിൽ അതിനൊരു പദ്ധതിതന്നെ പടച്ചുണ്ടാക്കണമെന്നുറച്ച് കുട്ടികൃഷ്ണമേനോനുണ്ടാക്കിയ വഴിയാണ് അഷ്ടാംഗഹൃദയം സൂത്രസ്ഥാനം ആദ്യത്തെ എട്ടദ്ധ്യായത്തിന്റെ വൃത്താനുവൃത്ത തർജ്ജമയും, വ്യാഖ്യാനവും. ആറേഴുകൊല്ലം കൊണ്ട് ആ പ്രയത്നം പൂർത്തിയാക്കി. രാത്രി രണ്ടുമണി വരെ അദ്ദേഹം ഉറങ്ങാറില്ല. ഞാൻ ദിവസവും രാവിലെ പത്തുമണിക്ക് ചെല്ലുമ്പോൾ അന്ന് എഴുതാനും പഠിക്കാനുമുള്ള കാര്യങ്ങൾ റെഡി. വലിയ ലൈബ്രറിയുണ്ടായിരുന്നു. അദ്ദേഹം അത് അവസാനകാലത്ത് സാഹിത്യഅക്കാദമിക്ക് സംഭാവന ചെയ്തു. പിന്നീടാണ് ക്രിയാകൗമുദി എഴുതിയത്. വളരെക്കാലം മുതൽക്കേ അതിനുള്ള ശ്രമം കൊണ്ടുപിടിച്ചു നടത്തിയിരുന്നു. അദ്ദേഹം പറയുന്ന കാര്യങ്ങൾ കുറിച്ചെടുക്കൽ എന്റെ പ്രവൃത്തിയാണ്. തിരുവനന്തപുരം Manuscript ലൈബ്രറിയിൽ മാസങ്ങളോളം ഗ്രന്ഥങ്ങൾ പരിശോധിച്ചിട്ടുണ്ട്. ആ പ്രയത്നം മുന്നോട്ട് പോകുമ്പോഴാണ് ചികിത്സാ കൗതുകം എഴുതാനുള്ള ആശയം ഉദിച്ചത്. അതും പ്രാവർത്തികമാക്കി. എല്ലാം ഒരു നിയോഗം.


AHSRC, Kottakkal
കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം
ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
ESTD 1902
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in    Web: www.aryavaidyasala.com
ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം